സ്ഥിരം ഉപജില്ലാ സമിതിയുടെ ഒരു യോഗം 11 -12- 2023 ചേർന്ന യോഗത്തിന്റെ ഹാജരും തീരുമാനങ്ങളും

1.സതീശൻ കെ വി ഇന്റേണൽവിജിലൻസ് ഓഫീസർ കൺവീനർ

2 .നിതിൻ എസ് ഡെപ്യൂട്ടി ടൗൺ പ്ലാനർ കണ്ണൂർ

3.ബിജു പി വി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്

**തദ്ദേശസ്ഥാപന പ്രതിനിധികൾ**

1.രജനീഷ് വി പി സീനിയർ ക്ലർക്ക് കാങ്കോൽആലപ്പടമ്പ്ഗ്രാമപഞ്ചായത്ത്

2.സരിൻ കെ ഓവർസിയർ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത്

3.ഷജന കെ സീനിയർ ക്ലർക്ക് ചെറുകുന്ന് ഗ്രാമപഞ്ചായത്ത്

4.ദിവ്യ കെ ഓവർസിയർ ചെറുകുന്ന് ഗ്രാമപഞ്ചായത്ത്

5.റീന പി സീനിയർ ക്ലർക്ക് എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്

6.ജനീഷ് ഹെഡ് ക്ലർക്ക് കല്യാശ്ശേരി ഗ്രാമപഞ്ചായത്ത്

7. റോയി കെ ബി സീനിയർക്ലർക്ക് കണ്ണപുരം ഗ്രാമപഞ്ചായത്ത്

8.സ്മിത കെ ഓവർസിയർ കണ്ണപുരം ഗ്രാമപഞ്ചായത്ത്

**പരാതിക്കാർ**

1.ശ്രീധരൻ പുതിയപുരയിൽ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് ജോസഫ് ടി ചെറുകുന്ന് ഗ്രാമപഞ്ചായത്ത്

2.ഷാഹിദ പി പി ചെറുകുന്ന് ഗ്രാമപഞ്ചായത്ത്

3.ജോസഫ് തെക്കൻ ചെറുകുന്ന് ഗ്രാമപഞ്ചായത്ത്

4.സുജിത പി ചെറുകുന്ന് ഗ്രാമപഞ്ചായത്ത്

യോഗം രാവിലെ 10-30ന് ആരംഭിച്ചു

## നവകേരള സദസ്സ് പരാതികൾ

**അജണ്ട 1**

DOCKET No.KNR 0060914

- എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ ഷമീം എം കെ പി എന്നവരുടെ പരാതി

കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം ലഭിച്ച ലൈസൻസ് ഗ്രാമപഞ്ചായത്ത് പുതുക്കി നൽകുന്നില്ല എന്നതാണ് പരാതി ഈ ആക്ടിന്റെ അടിസ്ഥാനത്തിൽ സെൽഫ് ഡിക്ലറേഷൻ പ്രകാരം പരാതിക്കാരന് ഒരു ഫ്ലോർമിൽ നടത്തുന്നതിന് 3 വർഷത്തേക്ക് ലൈസൻസ് ലഭിച്ചിട്ടുണ്ടെന്നും ആയത് പുതുക്കി ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ അപേക്ഷിച്ചപ്പോൾ അനുവദിക്കുന്നില്ല എന്നുമാണ് പരാതി .ഈ പരാതി നേരത്തെ തന്നെ ഈ അദാലത്തിന്റെ പരിഗണന വന്നിട്ടുള്ളതാണ്

**തീരുമാനം**

വാണിജ്യ കൈവശഗണത്തിലുള്ള കെട്ടിടത്തിലാണ് ഈ വ്യവസായ സംരംഭം തുടങ്ങിയിട്ടുള്ളത് എന്നതിനാൽ വ്യവസായങ്ങൾക്ക് വാണിജ്യ കെട്ടിടങ്ങളിൽ ലൈസൻസ് അനുവദിക്കുന്നതിന് സാധിക്കുന്നില്ല. സംരംഭകൻ വാടക കെട്ടിടത്തിലാണ് സംരംഭം തുടങ്ങിയിട്ടുള്ളത് പ്രസ്തുത കെട്ടിടം വാണിജ്യ കൈവശത്തിൽ നിന്നും വ്യവസായ കൈവശ ഗണത്തിലേക്ക് മാറ്റിയാൽ മാത്രമാണ് ലൈസൻസ് അനുവദിക്കുന്നതിന് സാധിക്കുക. ഇതിന് കെട്ടിടത്തിന്റെ ഘടനാപരമായ മാറ്റം ഉൾപ്പെടെ സെറ്റ് ബാക്കുകളിൽ ആവശ്യമായ സ്ഥലം ലഭ്യമാക്കിയാൽ മാത്രമേ സാധിക്കുകയുള്ളൂ ആയത് പ്രായോഗികമായി നടപ്പിലാക്കുന്നതിന് പ്രയാസവുമാണ്. സെൽഫ് ഡിക്ലറേഷൻ മുഖേന ലൈസൻസിന് ഉള്ള സംരംഭങ്ങൾ മൂന്നുവർഷ കാലാവധിക്ക് ശേഷം നേരിടുന്ന ഒരു പൊതുപ്രശ്നം എന്ന നിലയിൽ ഈ വിഷയം ഗവൺമെൻറ് ശ്രദ്ധയിൽപ്പെടുത്തുന്നതിന് ജില്ലാതലസമിതിയുടെ പരിഗണനക്ക് നേരത്തെ തന്നെ വിട്ടിട്ടുള്ളതാണ് എന്ന് അപേക്ഷകനെ അറിയിക്കുന്നതിന് തീരുമാനിച്ചു

**അജണ്ട 2**

DOCKET No.KNR 0060292

- കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്തിനെതിരെ രാമകൃഷ്ണൻ ടി പി എന്നിവരുടെ പരാതി
  നേരത്തെ പട്ടയം ലഭിക്കാത്ത ഭൂമിയിൽ കെട്ടിടത്തിന് താൽക്കാലിക നമ്പർലഭിച്ചിട്ടുള്ളതാണ്.ഇപ്പോൾ പട്ടയം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നേരത്തെയുള്ള കെട്ടിടത്തിന് വിപുലീകരിക്കുന്നതിനും കെട്ടിടത്തിന് നിയമാനുസൃത നമ്പർ ലഭിക്കുന്നതിനും അപേക്ഷിക്കുമ്പോൾ പുതുക്കിയ നിരക്കിൽ ഉള്ള ഫീസ് കൊടുക്കുന്നതിൽ നിന്നും ഇളവ് അനുവദിക്കണമെന്നാണ് അപേക്ഷ

ശ്രീ രാമകൃഷ്ണന്റെ അപേക്ഷയിൽ അപാകതകൾ പരിഹരിക്കണമെന്ന അറിയിപ്പ് 24-11-23ന് ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ളതാണ്. പരിഹരിച്ച് അപേക്ഷ പുനഃസമർപ്പിച്ചിട്ടില്ല എന്ന് ഗ്രാമപഞ്ചായത്തിന് വേണ്ടി സെക്രട്ടറി അറിയിച്ചു .കൂടാതെ പുതുതായി പട്ടയം ലഭിച്ചവർക്ക് നിലവിലുള്ള കെട്ടിട നമ്പർ നിയമാനുസൃതം ആക്കുന്നതിനും കെട്ടിടം വിപുലീകരിക്കുന്നതിനുള്ള അപേക്ഷകളിൽ പുതുക്കിയ ഫീസിൽ ഇളവ് അനുവദിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് 9-11-23 ന് ചേർന്ന യോഗത്തിൽ 269/2023 നമ്പർ പ്രകാരം തീരുമാനിക്കുകയും ആയത് സർക്കാർ സാധൂകരണത്തിന് വേണ്ടി അപേക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു .

**തീരുമാനം**

നിലവിലുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസിൽ ഇളവ് അനുവദിക്കുന്നതിന് ഈ അദാലത്തിന് സാധിക്കുകയില്ല എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരം ഒരു ഇളവ് അനുവദിക്കുന്നതിന് സർക്കാർ അനുമതിക്കായി അപേക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തീരുമാനത്തിൽ സർക്കാർ അനുമതി ലഭിക്കുന്ന മുറക്ക് ഫിസ് നിശ്ചയിക്കാവുന്നതാണെന്നും അപാകതകൾ പരിഹരിച്ച് അപേക്ഷ സമർപ്പിക്കുന്നതിന് പരാതിക്കാരനോട് നിർദ്ദേശിച്ചും തീരുമാനിച്ചു

**അജണ്ട 3**

DOCKET No.KNR 0060350

- കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്തിന് എതിരെ കെട്ടിട നമ്പർ അനുവദിക്കുന്നില്ല എന്ന ശ്രീ കെ കുഞ്ഞികൃഷ്ണൻ എന്നവരുടെ പരാതി
- നിലവിൽ തന്റെ കെട്ടിടത്തിന് അനധികൃത കെട്ടിടങ്ങൾക്കുള്ള നമ്പർ ആണ് നൽകിയിട്ടുള്ളത് എന്നും ആയത് സ്ഥിര നമ്പർ ആയി നൽകണമെന്നുമാണ് അപേക്ഷകൻ പറയുന്നത് .പയ്യന്നൂർ- ചെറുപുഴ റോഡിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്താണ് കെട്ടിടം പണിതിട്ടുള്ളത് ആ റോഡിന് ആവശ്യമായ വീതി കഴിച്ചാൽ തന്റെ കെട്ടിടത്തിലേക്ക് നിയമാനുസൃതഅകലം ലഭ്യമാകും. എന്നാൽ റോഡ് പുറമ്പോക്കിൽ നിന്നും കെട്ടിടത്തിന്റെ പോർച്ചിൽ ഉള്ള തൂണിലേക്ക് 3 മീറ്റർ ലഭ്യമാകുന്നില്ലാത്തതിനാൽ നമ്പർ അനുവദിക്കുന്നില്ല എന്നാണ് പരാതി .റോഡ് പുറമ്പോക്കിൽ നിന്നും മൂന്ന മീറ്റർ സ്ഥലം ലഭ്യമല്ലാത്തതിനാൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220 ബി പാലിക്കപ്പെടുന്നില്ല എന്നതിനാലാണ് നമ്പർ അനുവദിക്കാൻ സാധിക്കാത്തതെന്ന് ഗ്രാമപഞ്ചായത്തിന് വേണ്ടി സെക്രട്ടറി അറിയിച്ചു .

**തീരുമാനം**

പരാതിക്കാരന്റെ അതിരിൽ പി ഡബ്ല്യു ഡി റോഡ് പുറമ്പോക്കിൽ നിന്നും 3 m അകലത്തിൽ അല്ല കെട്ടിടത്തിന്റെ സ്ട്രക്ചർ നിലനിൽക്കുന്നത് എന്നതിനാൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220 ബി പാലിക്കാത്തതിനാൽ കെട്ടിടത്തിന് സ്ഥിര നമ്പർ അനുവദിക്കാത്ത സെക്രട്ടറിയുടെ നടപടിയിൽ അപാകത ഇല്ല .നിലവിലുള്ള അപാകത പരിഹരിച്ച് അപേക്ഷ നൽകുന്നതിന് അപേക്ഷകനോട് നിർദ്ദേശിച്ചു

**അജണ്ട 4**

DOCKET No.KNR 0060300

- കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്തിനെതിരെ പത്മനാഭൻ, സരള ദേവി എന്നിവരുടെ പരാതി

നിലവിലുള്ള തൻറെ കെട്ടിടത്തിന്റെ ഒന്നാം നില പണിയുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിക്കുന്നില്ല എന്നതാണ് പരാതി . പ്രസ്തുത കെട്ടിടത്തിന്റെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് നേരത്തെ അപേക്ഷകൾ നൽകിയിട്ടുള്ളതാണെന്നും അത് പ്രകാരം ടൗൺ പ്ലാനിങ്ങിൽ നിന്നും ചില ഭേദഗതികൾ അറിയിച്ചിട്ടുണ്ടെന്നും അത്തരം അപാകതകൾ പരിഹരിക്കാൻ സാധിക്കാത്തവയിൽ ഇളവ് അനുവദിക്കണം എന്നുമാണ് അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്നത്.

**തീരുമാനം** ആവശ്യമായ പാർക്കിംഗ് സൗകര്യം നിലവിലുള്ള അവസ്ഥയിൽ ഒരുക്കുന്നതിന് സാധിക്കുകയില്ല ഭിന്നശേഷിക്കാർക്കുള്ള പാർക്കിങ്ങിൽ വേണ്ട അളവ് പാലിക്കുന്നതിന് സാധിക്കുന്നില്ല ഭിന്നശേഷിക്കാർക്കുള്ള ശുചിമുറിയിൽ വേണ്ടത്ര അളവില്ല തുടങ്ങിയവയാണ് അപാകതയായി കാണുന്നത് മേൽ അപാകതകൾ ചട്ടപ്രകാരം നിലനിൽക്കുന്നു. കൂടാതെ ഈ അപേക്ഷ അനധികൃതകെട്ടിടങ്ങളുടെ ക്രമവത്കരണചട്ടങ്ങൾ 2018 പ്രകാരം അപേക്ഷിച്ചിട്ടുള്ളതും അതിൽ കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കുന്നതിന് അപേക്ഷകനോട് നിർദ്ദേശിച്ചിട്ടുള്ളതുമാണ് ഈ സാഹചര്യത്തിൽ മേൽ കണ്ടെത്തിയ അപാകതകൾ പരിഹരിച്ച് അനധികൃതകെട്ടിടങ്ങളുടെ ക്രമവത്കരണചട്ടങ്ങൾ 2018 പ്രകാരം അപേക്ഷ പുനഃസമർപ്പിക്കുന്നതിന് പരാതിക്കാരന് നിർദ്ദേശം നൽകി തീരുമാനിച്ചു

**അജണ്ട 5**

DOCKET No.KNR 006 0289

- കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിനെതിരെ ശ്രീധരൻ പി എന്നവരുടെ പരാതി
  തന്റെ വീട് നിലനിൽക്കുന്ന സ്ഥലത്തോട് ചേർന്ന് ഒരു കൊമേഷ്യൽ കെട്ടിടം പണികഴിപ്പിച്ചിട്ടുണ്ടെന്നും അതിന് നമ്പർ അനുവദിച്ചിട്ട് കിട്ടിയിട്ടില്ല എന്നതാണ് പരാതി. പരാതിക്കാരനോട് സംസാരിച്ചതിൽ നിന്നും പ്രസ്തുത കെട്ടിടത്തിന് നമ്പർ അനുവദിച്ചു നൽകുന്നതിന് ഗ്രാമപഞ്ചായത്തിൽ ഇതുവരെ അപേക്ഷിച്ചിട്ടില്ല എന്ന് പറയുകയുണ്ടായി .വീടിന് നമ്പർ പതിക്കുന്നതിന് അപേക്ഷ ലഭിച്ച പ്രകാരം നമ്പർ അനുവദിച്ചിരുന്നെന്നും കൊമേഷ്യൽ കെട്ടിടത്തിന്റെ പൂർത്തീകരണ സർട്ടിഫിക്കറ്റും പ്ലാനും അപേക്ഷകൻ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചു

**തീരുമാനം**

പ്ലാനും അനുബന്ധ രേഖകളും ഉൾപ്പെടെ അപേക്ഷ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുന്നതിന് പരാതിക്കാരനോട് നിർദ്ദേശിച്ചു .അപേക്ഷ ലഭിക്കുന്ന മുറക്ക് ആയതിൽ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയോടും നിർദ്ദേശിച്ചു

**അജണ്ട 6**

DOCKET No.KNR 0061520

- കങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ ബെന്നി എന്നിവരുടെ പരാതി

തനിക്ക് പുതുതായി പട്ടയം ലഭിച്ച ഭൂമിയിൽ നിലവിലുള്ള കെട്ടിടത്തിന് നിയമാനുസൃതം നമ്പർ ലഭിക്കുന്നതിന് ഉള്ള അപേക്ഷയിൽ നിലവിലുള്ള കെട്ടിടം എന്ന നിലയിൽ പഴയ നിരക്കിൽ ഫീസ് കൊടുക്കുന്നതിന് അനുവദിക്കണം എന്നതാണ് അപേക്ഷ

**തീരുമാനം**

പുതുതായിപട്ടയം ലഭിച്ചവർക്ക് നിലവിലുള്ള കെട്ടിട നമ്പർ നിയമാനുസൃതം ആക്കുന്നതിനും കെട്ടിടം വിപുലീകരിക്കുന്നതിനുള്ള അപേക്ഷകളിൽ പുതുക്കിയ ഫീസിൽ ഇളവ് അനുമതിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് 9-11-23 ന് ചേർന്ന യോഗത്തിൽ 269/2023 നമ്പർ പ്രകാരം തീരുമാനിക്കുകയും ആയത് സർക്കാർ സാധൂകരണത്തിന് വേണ്ടി അപേക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു . ഗ്രാമപഞ്ചായത്തിന്റെ ഈ തീരുമാനത്തിന് സർക്കാർ അംഗീകാരം ലഭിക്കുന്നതിന് വിധേയമായി അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു

**അജണ്ട 7**

DOCKET No.KNR 0061365

- കരിവെള്ളൂർ ഗ്രാമപഞ്ചായത്തിനെതിരെ ശ്രീമതി ജയശ്രീയുടെ പരാതി
  ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് തൻറെ ഭൂമി വിട്ടു നൽകേണ്ടി വന്നിട്ടുണ്ടെന്നും അങ്ങനെ വന്നപ്പോൾ നിലവിലുള്ള തന്റെ കെട്ടിടത്തിന്റെ ചില ഭാഗങ്ങൾ മുറിച്ചുമാറ്റിയിട്ടുള്ളതാണെന്നും ഈ കെട്ടിടത്തിന്റെ മുകളിൽ നിർമാണം നടത്തുന്നതിന് ഇളവുകൾ അനുവദിക്കണമെന്നാണ് അപേക്ഷ. ശ്രീമതി ജയശ്രീയുടെ കെട്ടിടത്തിന് നേരത്തെ ഗ്രൗണ്ട് ഫ്ലോറിന് മാത്രമാണ് അംഗീകാരം ലഭിച്ചിരുന്നത് .നാഷണൽ ഹൈവേ വികസനത്തിന്റെ ഭാഗമായി കെട്ടിടത്തിനു മുൻഭാഗം പൂർണ്ണമായും ഹൈവേ ഏറ്റെടുത്തിട്ടുണ്ട് .നിലവിൽ കെട്ടിടത്തിന് ഫസ്റ്റ് ഫ്ലോറും സെക്കൻഡ് ഫ്ലോറും നിർമ്മിച്ചിട്ടുണ്ട് .നിർമ്മിതികൾ പരിഗണിക്കുമ്പോൾ ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങൾ നാഷണൽ ഹൈവേയിൽ നിന്നും ആവശ്യമായ ദൂരപരിധി സ്റ്റെയർകേസ് ആവശ്യമായ അളവില്ല ആവശ്യമായത്രയും ടോയ്ലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല ഭിന്നശേഷി സൗഹൃദ റാമ്പ്, ടോയ് ലറ്റ് എന്നിവയില്ല തുടങ്ങിയ അപാകതകൾ അപേക്ഷയെ അറിയിച്ചിട്ടുള്ളതാണ് എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

**തീരുമാനം**

ശ്രീമതി ജയശ്രീ നിലവിലുള്ള ഗ്രൗണ്ട് ഫ്ലോർ കെട്ടിടത്തിന് മുകളിലായി ഫസ്റ്റ് ഫ്ലോറും സെക്കൻഡ് ഫ്ളോറും നിർമ്മിച്ചിട്ടുണ്ട് .ഈ വാണിജ്യ കെട്ടിടത്തിന് നിലവിൽ ആവശ്യമായ ദൂരപരിധി, ആവശ്യമായിട്ടുള്ള മാലിന്യനിർമാർജന സംവിധാനങ്ങൾ ഭിന്നശേഷി സൗഹൃദ റാമ്പ് , ടോയ് ലറ്റ് ,പാർക്കിംഗ് സൌകര്യങ്ങൾ എന്നിവ കൂടാതെ നിർമ്മിച്ചിരിക്കുന്ന സ്റ്റെയർകേസിന് ആവശ്യമായ അളവ് ഇല്ല തുടങ്ങിയ അപാകതകൾ നിലനിൽക്കുന്നുണ്ട്. നിലവിലുള്ള അവസ്ഥയിൽ കെട്ടിടത്തിന് ക്രമവൽക്കരണം നടത്തുന്നതിന് സാധിക്കുകയില്ല. ആകയാൽ അപാകതകൾ പരിഹരിച്ച് അപേക്ഷ പുനഃ സമർപ്പിക്കുന്നതിന് പരാതിക്കാരി ശ്രീമതി ജയശ്രീയോട് നിർദ്ദേശിച്ചു തീരുമാനിച്ചു

**അജണ്ട 8**

DOCKET No.KNR 0061386

- രാമന്തളി ഗ്രാമപഞ്ചായത്തിനെതിരെ ശ്രീമതി തങ്കമണിയോടെ പരാതി
  ഭവന നിർമ്മാണം പൂർത്തീകരിച്ച് നമ്പറിനായി അപേക്ഷിച്ചപ്പോൾ CRZ മേഖലയിൽ ഉള്ള നിർമ്മാണം ആയതിനാൽ ജില്ലാതല സമിതിയുടെ അംഗീകാരം ലഭിക്കുന്നില്ല എന്നതുമാണ് പരാതി

**തീരുമാനം**

സി ആർ സെഡ് പരിധിയിൽ ഉൾപ്പെട്ട ഭൂമിയിൽ കെട്ടിട നിർമ്മാണം നടത്തുന്നത് സംബന്ധിച്ച് ഇളവ് നൽകുന്നതിനാണ് പരാതിക്കാരി ആവശ്യപ്പെടുന്നത് എന്നതിനാൽ അപേക്ഷ ജില്ലാതല സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു

**അജണ്ട 9**

DOCKET No.KNR 0061377

- വേണു ,കെ എസ് കുമാരി എന്നിവർ കാങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്തിന് എതിരായി സമർപ്പിച്ച പരാതി

തനിക്ക് പുതുതായി പട്ടയം ലഭിച്ച ഭൂമിയിൽ നിലവിലുള്ള കെട്ടിടത്തിന് നിയമാനുസൃതം നമ്പർ ലഭിക്കുന്നതിന് ഉള്ള അപേക്ഷയിൽ നിലവിലുള്ള കെട്ടിടം എന്ന നിലയിൽ പഴയ നിരക്കിൽ ഫീസ് കൊടുക്കുന്നതിന് അനുവദിക്കണം എന്നതാണ് അപേക്ഷ. പുതുതായിപട്ടയം ലഭിച്ചവർക്ക് നിലവിലുള്ള കെട്ടിട നമ്പർ നിയമാനുസൃതം ആക്കുന്നതിനും കെട്ടിടം വിപുലീകരിക്കുന്നതിനുള്ള അപേക്ഷകളിൽ പുതുക്കിയ ഫീസിൽ ഇളവ് അനുമതിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് 9-11-23 ന് ചേർന്ന യോഗത്തിൽ 269/2023 നമ്പർ പ്രകാരം തീരുമാനിക്കുകയും ആയത് സർക്കാർ സാധൂകരണത്തിന് വേണ്ടി അപേക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു

**തീരുമാനം**

നിലവിൽ ഫീസ് നിരക്കിൽ ഇളവ് നൽകുന്നതിന് ഈ അദാലത്തിന്റെ സാധിക്കുകയില്ല . പുതുതായിപട്ടയം ലഭിച്ചവർക്ക് നിലവിലുള്ള കെട്ടിട നമ്പർ നിയമാനുസൃതം ആക്കുന്നതിനും കെട്ടിടം വിപുലീകരിക്കുന്നതിനുള്ള അപേക്ഷകളിൽ പുതുക്കിയ ഫീസിൽ ഇളവ് അനുമതിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് 9-11-23 ന് ചേർന്ന യോഗത്തിൽ 269/2023 നമ്പർ പ്രകാരം തീരുമാനിക്കുകയും ആയത് സർക്കാർ സാധൂകരണത്തിന് വേണ്ടി അപേക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു ഈ തീരുമാനത്തിന് സർക്കാർ അംഗീകാരം ലഭിക്കുന്നതിന് വിധേയമായി അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ച് തീരുമാനിച്ചു

**അജണ്ട 10**

DOCKET No.KNR 0071803

- കണ്ണപുരം പഞ്ചായത്തിനെതിരെ ശ്രീ ദിനേശൻ പി കെ എന്നവരുടെ പരാതി

ദിനേശൻ പി കെ പുതുതായി പണിത ഭവനത്തിന് നമ്പർ ലഭിക്കുന്നില്ല എന്നതാണ് പരാതി. കെട്ടിടത്തോട് ചേർന്ന് അതിരിൽ നിന്നും വേണ്ടത്ര അകലം പാലിക്കുന്നില്ല എന്ന ന്യൂനത ഉള്ളതിനാലാണ് നമ്പർ അനുവദിക്കുന്നതിന് സാധിക്കാത്തതെന്ന് ഗ്രാമപഞ്ചായത്തിന് പ്രതിനിധീകരിച്ച് ഓവർസിയർ അറിയിച്ചു

**തീരുമാനം**

2019 കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 79 (4) പ്രകാരം ഏക കുടുംബ വാസഗൃഹങ്ങളുടെ കാര്യത്തിൽ സെപ്റ്റിക് ടാങ്ക് ,ലീച്ച് പിറ്റ എന്നിവ തൊട്ടടുത്ത പ്ലോട്ട് അതിരിൽ നിന്നും 30 സെന്റിമീറ്റർ ദൂരത്തിൽ ആകാവുന്നതാണ്. പൂർത്തീകരണ പത്രത്തിന്റെ അടിസ്ഥാനത്തിൽ ചട്ടം 92 പ്രകാരം നിർമ്മാണം ക്രമവത്ക്കരണം നടത്താവുന്നതാണ്. ചട്ടം 8 (x) പ്രകാരം പ്ലോട്ടിൽ തന്നെ കെട്ടിടത്തിന്റെ അല്ലെങ്കിൽ നിർമ്മാണത്തിന്റെ സ്ഥാനം മാറ്റുന്നതിന് പെർമിറ്റ് ആവശ്യമില്ലാത്തതായി കാണുന്നു. മേൽ വസ്തുതകൾ കണക്കിലെടുത്ത് പ്രസ്തുത കെട്ടിട നിർമ്മാണത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ച് തീരുമാനിച്ചു.

**അജണ്ട 11**

DOCKET No.KNR 0071677

- കണ്ണപുരം ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ.രാജൻ എന്നവരുടെ അപേക്ഷ

22.46 ച. മീറ്റർ മാത്രം വിസ്തീർണ്ണമുള്ള പുതുതായി പണിത വാണിജ്യ കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നില്ല എന്നാണ് പരാതി . ആവശ്യമായ ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്തിയില്ല എന്നതാണ് കാരണമായി പറയുന്നത് എന്ന് പരാതിക്കാരൻ പറഞ്ഞു. .കെട്ടിടത്തിന് നിലവിൽ മഴ വെള്ള സംഭരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല റാമ്പ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല എന്നീ അപാകതകൾ കൂടി ഉണ്ടെന്ന്സെക്രട്ടറി അറിയിച്ചു

**തീരുമാനം**

കെട്ടിട നിർമ്മാണം 22. 46 ച. മീ .വിസ്തീർണ്ണമുളള വാണിജ്യ കൈവശഗണത്തിൽപെട്ട കെട്ടിടമാണ് .മുഖ്യനഗരാസൂത്രകന്റെ 17-11-2022 ലെ TCPCTP/2324/2022 E-3 കത്ത് പ്രകാരം 50 ച.മീ.യിൽ കുറവ് നിർമ്മിത വിസ്തീർണ്ണം വരുന്ന കെട്ടിടങ്ങൾക്ക് വാട്ടർ ക്ലോസറ്റ് നിർബന്ധമില്ല ആയതിനാൽ അംഗപരിമിതർക്ക് 50 ച.മീ.യിൽ കുറവ് നിർമ്മിതിക്കും ആവശ്യമില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കെട്ടിടത്തിന് നിലവിൽ മഴ വെള്ള സംഭരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല റാമ്പ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല എന്നിവയാണ് അപാകതകളായി ഉള്ളത് എന്ന് കാണുന്നു. അപാകതകൾ പരിഹരിച്ച് അപേക്ഷ പുനഃ സമർപ്പിക്കുന്നതിന് പരാതിക്കാരന് നിർദ്ദേശം നൽകുന്നു .അപേക്ഷ സമർപ്പിക്കുന്ന മുറക്ക് നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു

**അജണ്ട 12**

DOCKET No.KNR 0072175

- കണ്ണപുരം ഗ്രാമപഞ്ചായത്തിനെ ശ്രീ.ഫരീദ് ഒ കെ എന്നവരുടെ പരാതി

പരാതിയിൽ നിലവിലുള്ള കെട്ടിടത്തിനു മുൻപിൽ അനധികൃതമായി നിർമ്മിച്ച ഭാഗങ്ങൾ പൊളിച്ചു മാറ്റുന്നതിന് ഗ്രാമപഞ്ചായത്ത് നൽകിയ നോട്ടീസ് പിൻവലിക്കണമെന്നും തുടർനടപടികൾ അസാനിപ്പിക്കണമെന്നുമാണ് ആവശ്യം

**തീരുമാനം**

മേൽ പരാതി അധികൃത നിർമ്മാണത്തിനെതിരെയുള്ള നടപടി നിർത്തിവെയ്ക്കുന്നത് സംബന്ധിച്ചാണ് . മേൽ പരാതി അദാലത്തിന്റെ പരിഗണന വിഷയങ്ങളിൽ ഉൾപ്പെടാത്തതാണ് . ഈ വിവരം അപേക്ഷകനെ അറിയിക്കുന്നതിന് തീരുമാനിച്ചു.

**അജണ്ട 13**

DOCKET No.KNR 0071133

- കണ്ണപുരം ഗ്രാമപഞ്ചായത്തിനെതിരെ ശ്രീമതി വത്സല കെ കെ എന്നവരുടെ പരാതി

ശ്രീമതി വത്സല കെ കെ എന്നവരുടെ മകൻ ടിയാരി മകന് നൽകിയ സ്ഥലത്ത് വീട് പണി പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി സമീപിച്ചപ്പോൾ നേരത്തെ പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന കെട്ടിടവും പുതിയ കെട്ടിടവും തമ്മിൽ ദൂരപരിധി പാലിക്കുന്നില്ല എന്ന കാരണത്താൽ നമ്പർ അനുവദിച്ചു കിട്ടുന്നില്ല എന്നതാണ് പരാതി
ഇവിടെ മകൻ പണിത വീടിന് നേരത്തെ പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന കെട്ടിടവുമായി ആവശ്യമായ ദൂരപരിധി ലഭ്യമല്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് പ്രസ്തുത അപാകത പരിഹരിക്കുന്നതിന് അപേക്ഷകയെ അറിയിച്ചിരുന്നതാണ് കൂടാതെ ശ്രീമതി വത്സലയുടെ അപേക്ഷ സംസ്ഥാനതല അദാലത്ത് സമിതി പരിഗണിക്കുകയും രേഖാമൂലം ഇത് സംബന്ധിച്ചുള്ള അറിയിപ്പ് ശ്രീമതി വത്സലക്ക് നൽകിയിട്ടുള്ളതുമാണ് ആയതപ്രകാരം സംയുക്ത അപേക്ഷയുടെ അടിസ്ഥാനത്തിൽ അപേക്ഷ പരിഗണിക്കുന്നതിനും അല്ലെങ്കിൽ പഴയ കെട്ടിടം പൊളിച്ചു മാറ്റി ആവശ്യമായ ദൂരപരിധി ഉറപ്പുവരുത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ് എന്നാൽ ടി നിർദ്ദേശപ്രകാരമുള്ള നടപടികളൊന്നും ശ്രീമതി വത്സല സ്വീകരിച്ചു കാണുന്നില്ലെന്ന് സെ ക്രട്ടറി അറിയിച്ചു

**തീരുമാനം**

നേരത്തേ തന്നെ സംസ്ഥാനതല അദാലത്ത് തീരുമാനം എടുത്തിട്ടുള്ള വിഷയം എന്ന നിലയിൽ ആ തീരുമാനപ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിന് ശ്രീമതി വത്സലക്കും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കും നിർദ്ദേശം നൽകുന്നു

**അജണ്ട 14**
DOCKET No.KNR 0071928

- കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിനെതിരെ ശ്രീമതി കൊട്ടോടി രജനി സമർപ്പിച്ച അപേക്ഷ

നിലം ഭൂമിയിലാണ് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളത് എന്നും ആയതിനെ നമ്പർ ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചപ്പോൾ ഭൂമി പരിവർത്തനം ചെയ്യു അപേക്ഷിക്കേണ്ടതാണെന്ന് പറഞ്ഞിട്ടുള്ളതാണെന്നും പരാതിക്കാരി പറഞ്ഞു . ഭൂമിപരിവർത്തനം ചെയ്യുന്നതിന് RDO ക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്ന് അപേക്ഷക അറിയിച്ചു ശ്രീമതി രജനി ഗ്രാമപഞ്ചായത്തിൽ അപേക്ഷകൾ ഒന്നും നൽകിയിട്ടില്ലാത്തതാണെന്ന് സെക്രട്ടറി അറിയിച്ചു

**തീരുമാനം**
കെട്ടിട നമ്പർ അനുവദിക്കുന്നതിന് ശ്രീമതി രജനിയുടെ അപേക്ഷകൾ ഒന്നും നിലവിൽ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ലാത്തതാണ് കൂടാതെ ഭൂമി പരിവർത്തനം ചെയ്യുന്നതിന് അപേക്ഷ റവന്യൂ ഡിവിഷൻ ഓഫീസറുടെ പരിഗണനയിലാണെന്ന് അപേക്ഷകൻ തന്നെ അറിയിച്ചിട്ടുണ്ട്. ഭൂമി പരിവർത്തനം ചെയ്യുന്നത് സംബന്ധിച്ചുള്ള അപേക്ഷകൾ അദാലത്തിന്റെ വിഷയ പരിധിയിൽ ഉൾപ്പെടാത്തതാണ്. ഭൂപരിവർത്തനത്തിന് ശേഷം നമ്പർ ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുന്നതിന് ശ്രീമതി രജനിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു

**അജണ്ട 15**
DOCKET No.KNR 0072010

- കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിനെതിരെ ശ്രീമതി റസീന എന്നവരുടെ അപേക്ഷ

തനിക്ക് 5സെന്റ് ഭൂമി പരിവർത്തനം ചെയ്യുന്നതിന് അനുമതി ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ പെർമിറ്റ് നേടി കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും നമ്പർ അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്തിനെ സമീപിച്ചപ്പോൾ അപാകതകൾ പറഞ്ഞു മടക്കുന്നു എന്നതുമാണ് ശ്രീമതി റസീനയുടെ പരാതി . നേരിട്ട് സംസാരിച്ചതിൽ നേരത്തെ തന്റെ മൊത്തം സ്ഥലത്തുനിന്നും 5 സെൻറ് സ്ഥലം നികത്തുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത് .പ്ലാൻ സമർപ്പിച്ചപ്പോൾ ഭൂമിയുടെ സ്കെച്ച് നൽകിയതിൽ നിന്നും വ്യത്യസ്തമായാണ് പൂർത്തീകരണസമയത്ത് സ്കെച്ച് നൽകിയിട്ടുള്ളത് എന്നും അറിയിച്ചു . നേരത്തെ അനുവദിച്ചിരിക്കുന്ന 5 സെൻറ് ഭൂമിയിൽ നിന്നും വ്യത്യസ്തമായാണ് പൂർത്തീകരണസമയത്ത് ശ്രീമതി റസീന അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്ന് സെക്രട്ടറി വ്യക്തമാക്കി എന്നാൽ നികത്തുന്ന ഭൂമിയുടെ സ്കെച്ച് വില്ലേജ് ഓഫീസർ തയ്യാറാക്കി നൽകുന്നതിനാണ് അനുമതി പത്രത്തിൽ നിർദ്ദേശിച്ചിരിക്കുന്നത് ഇപ്പോൾ വില്ലേജ് ഓഫീസർ പ്രസ്തുതഭൂമിയുടെ പുതിയ സ്കെച്ച് ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു.

**തീരുമാനം**
വില്ലേജ് ഓഫീസർ ലഭ്യമാക്കിയ പുതുക്കിയ സ്കെച്ചിന്റെ അടിസ്ഥാനത്തിൽ അപേക്ഷ പരിഗണിക്കുന്നതിനും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 8 (x) പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു

**അജണ്ട 16**
DOCKET No.KNR 0070283

- ചെറുകുന്ന് ഗ്രാമപഞ്ചായത്തിനെതിരെ ശ്രീമതി സുജിത പി എന്നിവരുടെ പരാതി

ശ്രീമതി സുജിതയുടെ പരാതി പ്രകാരം കെട്ടിട നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന ഭൂമി തീരദേശനിയമ പരിധിയിൽ ഉൾപ്പെട്ടതാണെന്നും പുതുക്കിയ കരട് വിജ്ഞാപന പ്രകാരംസി ആർ സെഡ് രണ്ടിൽ ആയത് ഉൾപ്പെടുന്നുണ്ടെന്നും ആയതിനാൽ കെട്ടിട നിർമ്മാണ അനുമതി നൽകണമെന്നുമാണ് . ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാതിക്കാരി പറയുന്നത് കരട് വിജ്ഞാപനമാണെന്നും ആയത് അന്തിമമാക്കാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയില്ല എന്നും അറിയിച്ചു

**തീരുമാനം**
സിആർ സെഡ് പരിധിയിൽ ഉൾപ്പെട്ട ഭൂമിയിൽ കെട്ടിട നിർമ്മാണം നടത്തുന്നത് സംബന്ധിച്ച് ഇളവ് നൽകുന്നതിനാണ് പരാതിക്കാരി ആവശ്യപ്പെടുന്നത് എന്നതിനാൽ അപേക്ഷ ജില്ലാതല സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു

**അജണ്ട 17**

DOCKET No.KNR 0071021

- ചെറുകുന്ന് ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ ശിവാനന്ദൻ എന്നവരുടെ അപേക്ഷ

ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ താൻ പണിത കെട്ടിടത്തിന് നിലവിൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കുള്ള നമ്പർ ആണ് അനുവദിച്ചിട്ടുള്ളത് എന്നും പ്രസ്തുത കെട്ടിടത്തിൽ തന്റെ തൊഴിൽ നടത്തുന്നതിന് ആവശ്യമായ ലൈസൻസ് അനുവദിക്കണമെന്ന് ആണ് പരാതിയുടെ ഉള്ളടക്കം. പഴയങ്ങാടി കണ്ണൂർ കെഎസ് ടിപി റോഡിനോട് ചേർന്ന് മൂന്നു മീറ്റർ ദൂരപരിധി പാലിക്കാതെയാണ് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടുണ്ട് ഗ്രാമപഞ്ചായത്തിന്റെ രേഖകൾ പരിശോധിച്ചപ്പോൾ ശ്രീ ശിവാനന്ദൻ കെട്ടിടത്തിന് അനധികൃത കെട്ടിടങ്ങൾക്കുള്ള 4/413 UAനമ്പർ നൽകിയതായി കണ്ടു .നിർമ്മാണത്തിന് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220 ബി പാലിക്കപ്പെട്ടിട്ടില്ല റെയിൽവേയോട് ചേർന്ന ഭൂമിയിൽ നിന്നും നിർമ്മാണം നടത്തിയതിനാൽ റെയിൽവേയിൽ നിന്നുള്ള എൻഒസി ലഭ്യമാക്കിയിട്ടില്ല ഇലക്ട്രിക്കൽ ലൈനിൽ നിന്നും ആവശ്യമായ ദൂരപരിധികൾ പാലിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ ആണ് അനധികൃത കെട്ടിടങ്ങൾക്കുള്ള നമ്പർ നല്കി നികുതി ഈടാക്കി വരുന്നതെന്ന് സെക്രട്ടറി അറിയിച്ചു

**തീരുമാനം**

ശ്രീ ശിവാനന്ദന്റെ കെട്ടിടം കെട്ടിട നിർമ്മാണ ചട്ടങ്ങൾ ആവശ്യമായ ക്ലിയറൻസ് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220 ബി എന്നിവയുടെ ലംഘനം നിലനിൽക്കുന്ന കെട്ടിടമാണ് പ്രസ്തുത കെട്ടിടത്തിന് അനധികൃത കെട്ടിടങ്ങൾക്കുള്ള നമ്പറാണ് അനുവദിച്ചിട്ടുള്ളത് അനധികൃത കെട്ടിടങ്ങളിൽ വ്യാപാര വ്യവസായ തൊഴിലുകൾ നടത്തുന്നതിന് ലൈസൻസ് അനുവദിക്കുന്നതിന് സാധിക്കുകയില്ല ആയതിനാൽ പ്രസ്തുത വിവരം അപേക്ഷകനെ അറിയിക്കുന്നതിനും കെട്ടിടത്തിന് അപാകതകൾ പരിഹരിച്ച് അപേക്ഷ പുനസമിപ്പിക്കുന്നതിനും അപേക്ഷകനോട് നിർദ്ദേശിച്ചു തീരുമാനിച്ചു

**അജണ്ട 18**

DOCKET No.KNR 0071062

- ചെറുകുന്ന് ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ ജോസഫ് തെക്കൻ എന്നിവർ സമർപ്പിച്ച പരാതി

ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി താൻ നിർമ്മിച്ച കെട്ടിടത്തിന് അനധികൃത കെട്ടിടങ്ങൾക്കുള്ള നമ്പർ ആണ് നൽകിയിട്ടുള്ളത് എന്ന് പരാതിപ്പെടുന്നുആയത് നിയമാനുസൃത നമ്പർ ലഭിക്കണമെന്നാണ് ശ്രീ ജോസഫിന്റെ പരാതി .ജോസഫിനോട് നേരിട്ട് കേട്ടതിൽ കട്ടക്കുളം ബാപ്പക്കൽ ബണ്ട് റോഡിൽ നിന്നും കെട്ടിടത്തിലേക്ക് മൂന്നു മീറ്റർ ദൂരപരിധി പാലിച്ചിട്ടില്ല എന്ന് വ്യക്തമാക്കി ഗ്രാമപഞ്ചായത്തിന്റെ രേഖകൾ പരിശോധിച്ചപ്പോൾ റോഡിൽ നിന്നും കെട്ടിടത്തിലേക്ക് കാണിച്ചിരിക്കുന്ന അളവുകൾ കെ പി ബി ആർ 2011 പാലിക്കുന്നില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് .പ്രസ്തുത റോഡ് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220 ബി പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ടെന്ന് വ്യക്തത വരുത്തുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല .

**തീരുമാനം**

അപേക്ഷ പരിഗണിക്കുന്നതിന് കട്ടകുളം ബാപ്പക്കൽ ബണ്ട് റോഡ് നിന്നും കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 220 ബി പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും ആയത് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയോട് നിർദ്ദേശിച്ച് തീരുമാനിച്ചു .വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് അദാലത്തിന് ലഭ്യമാക്കേണ്ടതാണെന്ന് സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു

**അജണ്ട 19**

DOCKET No.KNR 0071640

- കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിനെ ശ്രീ ബിജു പി സമർപ്പിച്ച പരാതി

ശ്രീ ബിജു പി എന്നവർ കേരള ചെറുകിട സൂക്ഷ്മ ഇടത്തരം വ്യാപാര വ്യവസായ സംരംഭങ്ങൾ സുഗമമാക്കൽ ആക്ട്പ്രകാരം സെൽഫ് ഡിക്ലറേഷൻ അടിസ്ഥാനത്തിൽ ഒരു വ്യവസായ സംരംഭം പ്രവർത്തിച്ചു വരുന്നതാണ് .മൂന്നുവർഷ കാലാവധിക്ക് ശേഷം പ്രസ്തുത ലൈസൻസ് ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ അന്വേഷിച്ചപ്പോൾ കെട്ടിടം വ്യാപാരാവശ്യങ്ങൾക്കുള്ള കൈവശഗണത്തിൽ

ഉൾപ്പെട്ടതായതിനാൽ വ്യവസായ ആവശ്യത്തിനുള്ള ലൈസൻസ് അനുവദിക്കുന്നതിന് സാധിക്കുകയില്ല എന്ന് അറിയിച്ചു എന്നതാണ് പരാതി. ലൈസൻസ് ആവശ്യത്തിന് ഗ്രാമപഞ്ചായത്തിൽ അപേക്ഷകൾ ഒന്നും സമർപ്പിച്ചിട്ടില്ല എന്നാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളത്

**തീരുമാനം**

- കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ സുഗമമാക്കൾ ആക്ട് പ്രകാരം സ്വയം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ ബിജു പി വ്യവസായ സംരംഭം ഉടങ്ങിയിരിക്കുന്നത് വ്യാപാര കൈവശത്തിൽ പെട്ട കെട്ടിടത്തിലാണ് .പ്രസ്തുത നിയമം പ്രകാരം സ്വയംസാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഉടങ്ങുന്ന സംരംഭങ്ങൾ മൂന്നുവർഷം വരെ പ്രവർത്തിക്കാവുന്നന്നതും അതിനുശേഷം ആറുമാസത്തിനകം ആവശ്യമായ അനുമതികൾ അപേക്ഷകന്റെ ഉത്തരവാദിതത്തിൽ ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ് .എന്നാൽ ശ്രീ ബിജു വ്യവസായം ഉടങ്ങിയിട്ടുള്ള കെട്ടിടം ഒരു വാടക കെട്ടിടം ആണെന്നും ആയത് വ്യാപാര കൈവശത്തിൽ ഉൾപ്പെടുന്നതാണെന്നും വ്യക്തമാണ് .വ്യവസായങ്ങൾ ആരംഭിക്കുന്ന സംരംഭകർ നേരിടുന്ന ഒരു വൈഷമ്യം എന്ന നിലയിൽ സമാനസ്വഭാവമുള്ള അപേക്ഷ ജില്ലാതല സമിതിയുടെ പരിഗണനക്ക് സമർപ്പിച്ചിട്ടുള്ളതാണ് ഈ അപേക്ഷയും ജില്ലാതല സമിതിയുടെ പരിഗണനക്കായി വിടുന്നു

**അജണ്ട 20**

DOCKET No.KNR 0070804

- മാടായി ഗ്രാമപഞ്ചായത്തിനെതിരെ അബ്ദുൽ റഹ്മാൻ എന്നവരുടെ പരാതി

കെട്ടിട നിർമ്മാണാനുമതിയുടെ അടിസ്ഥാനത്തിൽ പണിപൂർത്തീകരിച്ച കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നില്ല എന്നതാണ് പരാതി. പരാതിയിൽ കെട്ടിട നിർമ്മാണ സ്ഥലം CRZമേഖലയിൽ ഉൾപ്പെട്ടതുകൊണ്ടാണ് നമ്പർ അനുവദിക്കാത്തത് എന്നും പറയുന്നു .
അബ്ദുറഹ്മാൻ സി ആർ സെഡ് മേഖലയിൽ ഉൾപ്പെടുന്ന സ്ഥലത്ത് നിലവിലുണ്ടായിരുന്ന വാണിജ്യ കെട്ടിടം പൊളിച്ചുമാറ്റിയാണ് കെട്ടിട നിർമ്മാണ അനുമതിയോടുകൂടി പുതിയ കെട്ടിടം പണിതിട്ടുള്ളത്. പ്രസ്തുത സ്ഥലം സി ആർ സെഡ് NDZ പരിധിയിൽ വരുന്നതുകൊണ്ട് കെട്ടിടനമ്പർ അനുവദിക്കാൻ സാധിക്കാത്തതെന്ന് സെക്രട്ടറി അറിയിച്ചു

**തീരുമാനം**

കെട്ടിട നിർമ്മാണ അനുമതിയോടുകൂടി നിർമ്മിച്ച കെട്ടിടം ആണെങ്കിലും നിലവിൽ കെട്ടിടം സി ആർ സെഡ് NDZ പരിധിയിൽ ഉൾപ്പെടുന്നതാണെന്ന് കാണുന്നു .അപേക്ഷ ജില്ലാതല സമിതിയുടെ പരിഗണനക്കായി വിടുന്നതിന് തീരുമാനിച്ചു

**അജണ്ട 21**

DOCKET No.KNR 0070604

- സൈമൺ കൊയിലേരിയൻ എന്നവർ മാടായി ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി

ശ്രീ സൈമൺ കെട്ടിട നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന ഭൂമി CRZമേഖലയിൽ വരുന്നതാണ് എന്നാൽ പരമ്പരാഗതമായി തനിക്ക് ലഭിച്ച ഈ ഭൂമി അല്ലാതെ മറ്റു ഭൂമി ഒന്നും തനിക്ക് കെട്ടിട നിർമ്മാണം നടത്തുന്നതിന് ലഭ്യമല്ലാത്ത സാഹചര്യത്തിൽ CRZബാധകമാക്കാതെ കെട്ടിട നിർമ്മാണം അനുമതി ലഭ്യമാക്കണമെന്നാണ് പരാതി. ശ്രീ സൈമൺ കൊയിലേരിയൻ മാടായി ഗ്രാമപഞ്ചായത്തിൽ ചൂട്ടാട് എന്ന സ്ഥലത്ത് നിലവിലുണ്ടായിരുന്ന ഭവനം പൊളിച്ചു മാറ്റുകയും ആസ്ഥാനത്ത് നേരത്തെ ഉള്ളതിനേക്കാൾ വിസ്തൃതി കൂടിയ ഒരു കെട്ടിടം പണിയുകയും ചെയ്തിട്ടുണ്ട് എന്ന് നേരിട്ട് അന്വേഷിച്ചതിൽ ബോധ്യപ്പെട്ടു. പ്രസ്തുത സ്ഥലം കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് പരിഗണിക്കുമ്പോൾ സി ആർ സെഡ് മേഖലയിൽ ഉൾപ്പെട്ടതാണ് . സി ആർ സെഡ് മേഖലയിൽ നിലവിലുള്ള ഭവനങ്ങൾ അതേ വലിപ്പത്തിൽ പണിയുന്നതിനാണ് അനുമതി നൽകാൻ സാധിക്കുന്നത്

**തീരുമാനം**

സൈമൺ കൊയിലേരിയൻ സി ആർ സെഡ് മേഖലയിൽ നിലവിലുള്ള ഭവനം പുതുക്കി പണിതപ്പോൾ വലിപ്പം കൂടിയതിനാൽ നമ്പർ അനുവദിക്കുന്നില്ല എന്ന പരാതി ജില്ലാതല സമിതിയുടെ പരിഗണനക്കായി വിടുന്നതിന് തീരുമാനിച്ചു

**അജണ്ട 22**

DOCKET No.KNR 0071603

- ശ്രീമതി ശിവകാമി എന്നവർ ചെറുതാഴം പഞ്ചായത്തിനെതിരെ സമർപ്പിച്ച പരാതി

ചെറുതാഴം ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ശ്രീമതി ശിവകാമി തന്റെ കെട്ടിടത്തിന് നമ്പർ ലഭിക്കുന്നില്ല എന്ന് പറഞ്ഞതാണ് പരാതി നൽകിയിരിക്കുന്നത് .പരാതിപ്രകാരം കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിലാണ് കെട്ടിട നിർമ്മാണം നടക്കുന്നത് .

**തീരുമാനം**

ശ്രീമതി ശിവകാമിയുടെ കെട്ടിട നിർമ്മാണം നടക്കുന്നത് കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത് പരിധിയിലാണ് .കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത് ഈ അദാലത്ത് സമിതിയുടെ ചുമതലയിൽ പെട്ടതല്ല ആയതുകൊണ്ട് പ്രസ്തുത പരാതിയിൽ ഈ അദാലത്തിന് തീരുമാനം എടുക്കാൻ സാധിക്കാത്തതുകൊണ്ട് പരാതി ജില്ലാതല സമിതിയിലേക്ക് കൈമാറുന്നു

**അജണ്ട 23**

DOCKET No.KNR 0070025

- ശ്രീ ജബ്ബാർ ,ആയിഷ എന്നിവർ ചെറുതാഴം ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി

ശ്രീ ജബ്ബാർ തന്റെ കെട്ടിട നിർമ്മാണം നടത്തിയിരിക്കുന്നത് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്താണെന്ന് അറിയിച്ചിട്ടുണ്ട് ശ്രീ ജബ്ബാർ ആയിഷ എന്നവരുടെ പരാതി പ്രകാരം നിർമ്മാണം നടത്തിയിരിക്കുന്നത് കെട്ടിടം ഡാറ്റാബാങ്കിൽ ഉൾപ്പെട്ട സ്ഥലത്തായതിനാൽ നമ്പർ അനുവദിക്കുന്നില്ല എന്നതാണ് .നേരിട്ടന്വേഷണത്തിൽ പ്രസ്തുത സ്ഥലം നികത്തുന്നതിന് അനുമതിക്കായി അപേക്ഷിച്ചിട്ടില്ല എന്ന് ശ്രീ ജബ്ബാർ അറിയിച്ചു

**തീരുമാനം**

ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് സ്ഥലം നികത്തുന്നതിന് ആവശ്യമായ അനുമതികൾ കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം പ്രാദേശിക നിരീക്ഷണ സമിതി മുഖേന ബന്ധപ്പെട്ടവർക്ക് അപേക്ഷിക്കുന്നതിന് ശ്രീ ജബ്ബാറിനോട് നിർദ്ദേശിച്ച് തീരുമാനിച്ചു

**അജണ്ട 24**

DOCKET No.KNR 0071501

- ചെറുകുന്ന് ഗ്രാമപഞ്ചായത്തിനെതിരെ ശ്രീമതി ഷാഫിദ എന്നിവരുടെ പരാതി

ശ്രീമതി ഷാഫിദയുടെ പരാതി പ്രകാരം കെട്ടിട നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന ഭൂമി തീരദേശപരിപാലനനിയമ പരിധിയിൽ ബഫർസോൺ ഉൾപ്പെട്ടതാണെന്നും തങ്ങൾക്ക് ലൈഫ് ഭവന പദ്ധതിയിൽ വീട് പണിയുന്നതിന് മറ്റ് ഭൂമി ഇല്ലാത്തതിനാൽ തീരദേശപരിപാലനനിയമത്തിൽ ഇളവ് നല്കി കെട്ടിട നിർമ്മാണ അനുമതി നൽകണമെന്നുമാണ് .

**തീരുമാനം**

സിആർ സെഡ് ബഫർസോൺപരിധിയിൽ ഉൾപ്പെട്ട ഭൂമിയിൽ കെട്ടിട നിർമ്മാണം നടത്തുന്നത് സംബന്ധിച്ച് ഇളവ് നൽകുന്നതിനാണ് പരാതിക്കാരി ആവശ്യപ്പെടുന്നത് എന്നതിനാൽ അപേക്ഷ ജില്ലാതല സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു

**അജണ്ട 25**

DOCKET No.KNR 0061456

- എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ ഹരി സി കെഎന്നവരുടെ പരാതി

എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ പ്രവാസിയായ താൻ ഒരു കടമുറി പണിതിട്ടുണ്ടെന്നും പ്രസ്തുത കടമുറിക്ക് നമ്പർ അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അധികൃതരെ സമീപിച്ചെങ്കിലും സാങ്കേതിക തടസ്സങ്ങൾ പറഞ്ഞ് അപേക്ഷ നിരസിക്കുകയുണ്ടായി എന്നതാണ് പരാതി

ശ്രീ ഹരിയുടെ പേരിൽ അപേക്ഷകൾ ഒന്നും സമർപ്പിച്ചിട്ടില്ലെന്നും എന്നാൽ ആരതി ഹരി ചെവിരി ഹൗസ് എരമം എന്ന പേരിൽ കെട്ടിട നിർമ്മാണ റെഗുലറൈസ് ചെയ്യുന്നതിന് 30 -7 -2018 അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നും.ആയത് പ്രകാരം നടത്തിയ പരിശോധനയിൽ പ്രസ്തുത പ്ലോട്ടിൽ നിലനിൽക്കുന്ന കെട്ടിടം ഉൾപ്പെടുത്താതെയാണ് പ്ലാനുകൾ സമർപ്പിച്ചിട്ടുള്ളത് എന്നും പുതുതായി പണിത കെട്ടിടത്തിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ആവശ്യമായ അളവുകൾ പാലിക്കാത്തതാണ് എന്നും കെട്ടിടത്തിനോട് ചേർന്ന് കിടക്കുന്ന റോഡ് കേരള

പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220 ബി  പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ളതാണ് റോഡിൽ നിന്നും മൂന്നു മീറ്റർ പാലിക്കാതെയാണ് നിർമ്മാണം നടത്തിയിട്ടുള്ളതെന്നും അപേക്ഷകനെ അറിയിച്ചിട്ടുണ്ടെന്നും അപാകതകൾ പരിഹരിച്ച് അപേക്ഷ വീണ്ടും സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണെന്നും ഗ്രാമപഞ്ചായത്ത് അറിയിച്ചു എന്നാൽ ഇതുവരെയായി അപേക്ഷകൻ അപാകതകൾ പരിഹരിച്ച് അപേക്ഷ സമർപ്പിച്ചിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചു

**തീരുമാനം**
ശ്രീമതി ആരതി ഹരിയുടെ അപേക്ഷപ്രകാരം ഗ്രാമപഞ്ചായത്ത് കെട്ടിടം പരിശോധിക്കുകയും അപാകതകൾ അപേക്ഷകക്ക് അറിയിച്ചിട്ടുണ്ടെന്നും കാണുന്നു . ഈ സാഹചര്യത്തിൽ അപാകതകൾ പരിഹരിച്ച് പ്ലാൻ പുനഃസർമിപ്പിക്കുന്നതിന് പരാതിക്കാരനോട് നിർദ്ദേശിച്ചു തീരുമാനിച്ചു